A

606

# വാർഷിക മൂല്യനിർണയം 2017–18

ക്ലാസ്സ് : VI | അടിസ്ഥാനശാസ്ത്രം | സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ പത്തു പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നും ഏതെങ്കിലും എട്ടു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഓരോ പ്രവർത്തനത്തിനും 5 പോയിന്റ് വീതം. ആകെ 40 പോയിന്റ്

### പ്രവർത്തനം - 1

അസ്ഥിസന്ധികളുടെ മാതൃക നിർമ്മിക്കുന്നതിനായി ഒരു കുട്ടി ശേഖരിച്ച സാമഗ്രികളുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.


| | | |
|---|---|---|
| വിജാഗിരികൾ | ചെറിയ പന്ത് | പൗഡർ ടിന്നുകൾ |
| മരക്കഷണങ്ങൾ | ഐസ്ക്രീം ബോളുകൾ | പശ |

(എ) ഇവ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ഏതെങ്കിലും രണ്ടു തരം അസ്ഥിസന്ധികളുടെ പേരെഴുതുക.


(ബി) കൈമുട്ടുകൾ, കാൽമുട്ടുകൾ എന്നിവിടങ്ങളിൽ കാണപ്പെടുന്ന അസ്ഥിസന്ധിയുടെ പേരെന്ത്?

(സി) ചിത്രം- 1-ൽ കാണിച്ചിരിക്കുന്ന അസ്ഥിസന്ധിക്ക് കുട്ടി തയ്യാറാക്കി വച്ച ഏതു മാതൃകയുമായാണ് സാമ്യമുള്ളത്?

ജിനു തയാറാക്കിയ മാതൃകകൾ




ചിത്രം - 1



മാതൃക - 1



മാതൃക - 2



മാതൃക - 3

## പ്രവർത്തനം - 2

(എ) താഴെ കൊടുത്തിരിക്കുന്ന സന്ദർഭങ്ങളിൽ ഘടകപദാർത്ഥങ്ങളെ വേർതിരിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

| സന്ദർഭങ്ങൾ | ഉപയോഗിക്കുന്ന മാർഗങ്ങൾ |
|---|---|
| കലങ്ങിയ വെള്ളം ശുദ്ധീകരിക്കുന്നു. | 1. _ _ _ _ _ _ _ _ _ _ _ _ _ |
| കെട്ടിടം പണിക്ക് മണൽ അരിക്കുന്നു. | 2. _ _ _ _ _ _ _ _ _ _ _ _ _ |
| ഉപ്പളങ്ങളിൽ ഉപ്പ് വേർതിരിക്കുന്നു. | 3. _ _ _ _ _ _ _ _ _ _ _ _ _ |
| മണൽ കലർന്ന ഇരുമ്പുപൊടിയെ വേർതിരിക്കുന്നു. | 4. _ _ _ _ _ _ _ _ _ _ _ _ _ |

(ബി) ശർക്കരയിലെ മാലിന്യം വേർതിരിക്കുന്നതിന് അനുയോജ്യമായ ഒരു മാർഗം നിർദേശിക്കുക.

## പ്രവർത്തനം - 3

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് കണ്ടെത്തുക.

(എ) ചന്ദ്രൻ സ്വയം കറങ്ങുന്നതിനും ഭൂമിയെ ചുറ്റി സഞ്ചരിക്കുന്നതിനും എടുക്കുന്ന കാലയളവ് $27\frac{1}{3}$ ദിവസമാണ്.

(ബി) ചന്ദ്രന്റെ ഒരു മുഖം മാത്രമാണ് എപ്പോഴും ഭൂമിക്ക് അഭിമുഖമായി വരുന്നത്.


(സി) ചന്ദ്രൻ എല്ലാ ദിവസവും ഒരേ സമയത്താണ് ഉദിക്കുന്നത്.

(ഡി) അമാവാസി ചന്ദ്രൻ സൂര്യോദയത്തോടൊപ്പം ഉദിക്കുകയും സൂര്യാസ്തമയത്തോടൊപ്പം അസ്തമിക്കുകയും ചെയ്യും.

(ഇ) ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രൻ സൂര്യനെ ചുറ്റി സഞ്ചരിക്കുന്നില്ല.

## പ്രവർത്തനം - 4

(എ) വിവിധതരം കാന്തങ്ങളുടെ പേരും അവ ഉപയോഗിക്കുന്ന സന്ദർഭങ്ങളുമാണ് പട്ടികയിൽ നൽകിയിരിക്കുന്നത്. വിട്ടുപോയവ കൂട്ടിച്ചേർത്ത് പട്ടിക പൂർത്തിയാക്കൂ.

| ചിത്രം | പേര് | ഉപയോഗിക്കുന്ന സന്ദർഭം |
|---|---|---|
|  | ടേപ്പ് കാന്തം (മാഗ്നറ്റിക് ടേപ്പ്) | റഫ്രിജറേറ്റർ വാതിൽ |
|  | 1) ---------------- | 2) ---------------- |
|  | 3) ---------------- | 4) ---------------- |
|  | 5) ---------------- | പേഴ്സ്, ബാഗ് |

## പ്രവർത്തനം - 5

[redacted]

താഴെ കൊടുത്തിരിക്കുന്ന എല്ലാ ജീവജാലങ്ങളേയും ഉൾപ്പെടുത്തി ഒരു ഭക്ഷ്യശൃംഖലാജാലം തയാറാക്കുക.


| | | | | |
|---|---|---|---|---|
| മാൻ | മുയൽ | കുറുക്കൻ | തവള | പുൽച്ചാടി |
| പരുന്ത് | പുല്ല് | പാമ്പ് | ഓന്ത് | പുലി |

## പ്രവർത്തനം - 6

(എ) നക്ഷത്രഗണങ്ങളുടെ രേഖാചിത്രം കൊടുത്തിരിക്കുന്നത് നോക്കൂ. അവയുടെ പേരുകൾ എഴുതുക (1, 2, 3)







1.

2.

3.

(ബി) നക്ഷത്ര നിരീക്ഷണത്തിന് സഹായകമായ പ്രസ്താവനകൾ മാത്രം തെരഞ്ഞെടുത്ത് എഴുതുക.

1. നക്ഷത്രമാപ്പ് ഉപയോഗപ്പെടുത്തണം.
2. നിലാവുള്ള തെളിഞ്ഞ ആകാശം നക്ഷത്ര നിരീക്ഷണത്തിന് തെരഞ്ഞെടുക്കുന്നു.
3. ചുറ്റുമുള്ള വൈദ്യുതി വിളക്കുകളുടെ പ്രകാശം ആകാശനിരീക്ഷണത്തിന് സഹായകരമാണ്.
4. വെളിച്ചം ഇല്ലാത്ത ചക്രവാളം വരെ കാണുന്ന തുറസ്സായ പ്രദേശമാകണം നിരീക്ഷണത്തിന് തെരഞ്ഞെടുക്കേണ്ടത്.

## പ്രവർത്തനം - 7

(എ) വൈദ്യുതോർജത്തെ പ്രയോജനപ്പെടുത്തുന്ന ചില ഗാർഹികോപകരണങ്ങളിൽ നടക്കുന്ന ഊർജമാറ്റങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

| ഗാർഹികോപകരണങ്ങൾ | ഉണ്ടാകുന്ന ഊർജമാറ്റങ്ങൾ |
|---|---|
| റേഡിയോ പ്രവർത്തിക്കുന്നു. | 1. ---------- |
| എ.സി. മോട്ടോർ പ്രവർത്തിക്കുന്നു. | 2. ---------- 3. ---------- ശബ്ദോർജം |
| ഇസ്തിരിപ്പെട്ടി പ്രവർത്തിക്കുന്നു. | 4. ---------- |
| ടെലിവിഷൻ (ടി.വി.) പ്രവർത്തിക്കുന്നു. | ശബ്ദോർജം 5. ------------ |

പ്രവർത്തനം - 8


(എ) ഏകാത്മകമിശ്രിതത്തിനും ഭിന്നാത്മകമിശ്രിതത്തിനും രണ്ട് ഉദാഹരണങ്ങൾ വീതം എഴുതുക.

(ബി) നിങ്ങൾ കണ്ടെത്തിയ ഉദാഹരണങ്ങളിലെ ഘടകവസ്തുക്കൾ ഏതെല്ലാം?

(സി) കണ്ടെത്തിയ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി അനുയോജ്യമായ ഒരു പട്ടിക തയ്യാറാക്കുക.

പ്രവർത്തനം - 9

ചിത്രങ്ങൾ നിരീക്ഷിക്കു.



(എ) ചിത്രത്തിൽ കൊടുത്തിരിക്കുന്ന ജീവികളെ ബാഹ്യാസ്ഥികൂടം മാത്രമുള്ളവ, ആന്തരികാസ്ഥികൂടം മാത്രമുള്ളവ, രണ്ടു തരം അസ്ഥികൂടവും ഉള്ളവ എന്നിങ്ങനെ തരംതിരിക്കുക.

(ബി) താഴെ കൊടുത്തിരിക്കുന്നവയിൽ ബാഹ്യാസ്ഥികൂടത്തിന്റെ അവശേഷിപ്പുകളിൽപെടുന്നത് ഏത്?

1. കക്കയുടെ തോട്
2. കുളമ്പുകൾ
3. അസ്ഥികൂടങ്ങൾ

പ്രവർത്തനം - 10

(എ) പരീക്ഷണശാലയിൽ സൂക്ഷിച്ചുവച്ചിരുന്ന ഇരുമ്പുപൊടി, അലുമിനിയം പൊടി, ഉപ്പുപൊടി എന്നിവ കലർന്നുപോയി. ഇവയെ വേർതിരിക്കാനുള്ള മാർഗം നിർദേശിക്കുക.